പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2594 — 07.10.2016 ൽ മറുപടിക്ക്

## 2015-ലെ ദേശീയ റോഡ് സുരക്ഷാ വാരവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

(എ) 2015-ലെ ദേശീയ റോഡ് സുരക്ഷാ വാരവുമായി ബന്ധപ്പെട്ട് എന്തെല്ലാം ക്രമക്കേടുകളാണ് സർക്കാരിന്റെ ശ്രദ്ധയിൽ വന്നത്;

(ബി) പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

മറുപടി

ശ്രീ. എ. കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

(എ) 2015 ലെ റോഡ് സുരക്ഷാ വാരാഘോഷവുമായി ബന്ധപ്പെട്ട് സുവനിയർ പ്രസിദ്ധീകരിക്കുന്നതിന് കേരള മോട്ടോർ വെഹിക്കിൾ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ 1000, 2000 രൂപയുടെ കൂപ്പൺ അച്ചടിച്ച് അനധികൃതമായി പണപ്പിരിവ് നടത്തി എന്ന ക്രമക്കേട് കണ്ടെത്തുകയുണ്ടായി.

(ബി)

| | | |
|---|---|---|
| 1 | പി.എ. സത്യൻ | ആർ.ടി.ഒ (റിട്ട) |
| 2 | ആർ. ശരത്ചന്ദ്രൻ | എം.വി.ഐ |
| 3 | ജിജി ജോർജ്ജ് | ജോയിന്റ് ആർ.ടി.ഒ |
| 4 | ജെ.ബി.ഐ. ചെറിയാൻ | എം.വി.ഐ |
| 5 | എൻ. വിനോദ് കുമാർ | എം.വി.ഐ |
| 6 | ബി. ശ്രീപ്രകാശ് | എം.വി.ഐ |
| 7 | സി.ശ്യാം | എം.വി.ഐ |
| 8 | റജി ജോർജ്ജ് | എം.വി.ഐ |
| 9 | എസ്. മാലിക് | എം.വി.ഐ |
| 10 | എ. നൗഹാൽ | എം.വി.ഐ |
| 11 | ഇബ്രാഹിം കുട്ടി | എം.വി.ഐ |
| 12 | സി.ജെ. പോൾസൻ | ആർ.ടി.ഒ |
| 13 | പി.പി. രാജൻ | എം.വി.ഐ |

| | | |
|---|---|---|
| (സി) | ക്രമക്കേടുകൾ നടത്തിയവർക്കെതിരെ (സി) സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ? | 1 മുതൽ 12 വരെയുള്ള ഉദ്യോഗസ്ഥർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. ശ്രീ.പി.എ. സത്യൻ, ആർ.ടി.ഒ (റിട്ട), ശ്രീ ആർ. ശരത്ചന്ദ്രൻ, ശ്രീ.പി.പി. രാജൻ, ശ്രീ ജെ.ബി.ഐ. ചെറിയാൻ എന്നീ എം.വി.ഐ മാർക്കെതിരെ വിസി-02/2016/എസ്.ഐ.യു പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.പി. സത്യൻ, ആർ.ടി.ഒ (റിട്ട) സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് കേസിൽ ഉൾപ്പെട്ട മറ്റ് ഉദ്യോഗസ്ഥരായ ശ്രീ. ആർ. ശരത്ചന്ദ്രൻ, ശ്രീ പി.പി. രാജൻ, ശ്രീ ജെ.ബി.ഐ. ചെറിയാൻ എന്നിവരെ 24.09.2016 ലെ സർക്കാർ ഉത്തരവ് നമ്പർ 365/2016/ട്രാൻ പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ